"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ മുതുകുളം കൃഷിഭവനിലെ അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ ഹരികുമാർ ജി 2023 ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ടു സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.707/2024/AGRI    തീയതി,തിരുവനന്തപുരം, 30-07-2024

---

പരാമർശം:-

1. ശ്രീ.ഹരികുമാർ.ജി 2023 ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ടു സമർപ്പിച്ച 9/1/2024 ലെ അപ്പീൽ അപേക്ഷ
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27/2/2024 ,02/06/2024 തീയതികളിലെ ADFW/971/2024-SE4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസ്സന കർഷക ക്ഷേമ വകുപ്പിലെ 2023 വർഷത്തെ കൃഷി അസിസ്റ്റന്റ്/ അസിസ്റ്റന്റ് കൃഷി ഓഫീസർ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ടു ആലപ്പുഴ ജില്ലയിലെ മുതുകുളം കൃഷിഭവനിലെ അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ ഹരികുമാർ ജി പരാമർശം (1) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. തന്റേതല്ലാത്ത സാങ്കേതികകാരണങ്ങളാൽ സ്പാർക്ക് മുഖേന ഓൺലൈനായി അപേക്ഷ നൽകാൻ കഴിയാത്ത തന്നെ അന്തിമ സ്ഥലംമാറ്റപ്പട്ടികയിൽ ഇടുക്കി ജില്ലയിലേക്ക് സ്ഥലംമാറ്റിയതിൽ ശാശ്വത പരിഹാരത്തിനായിട്ടാണ് ടിയാൻ അപ്പീൽ പരാതി സമർപ്പിച്ചിരുന്നത്. തന്നെ നിലവിലെ ഓഫീസിൽ തുടരാൻ അനുവദിക്കുകയോ അഥവാ അപ്രകാരമല്ലാതെ സ്ഥലംമാറ്റപ്പെടുകയാണെങ്കിൽ പത്തനംതിട്ട/കൊല്ലം/ തിരുവനന്തപുരം ജില്ലകളി ലൊന്നിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് തരണമെന്നും അപേക്ഷിച്ചിരിക്കുന്നു.

2.കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം 2 സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ ഹരികുമാർ ജി 2017 മുതൽ ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി കൃഷിഭവനിലാണ് ജോലി ചെയ്തിരുന്നതെന്നും 2022 ലെ പൊതുസ്ഥലംമാറ്റത്തിൽ ടിയാന് ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി കൃഷിഭവനിൽ നിന്നും ടിയാന്റെ പതിനൊന്നാമത്തെ ഓപ്ഷൻ ആയ ആലപ്പുഴ ജില്ലയിലെ തന്നെ മുതുകുളം കൃഷിഭവനിലേക്ക് സ്ഥലംമാറ്റം ലഭിച്ചിരുന്നുവെന്നും 2023 ലെ പൊതുസ്ഥലംമാറ്റ സമയത്തു സ്പാർക് മുഖേന അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്ത വിവരം ടിയാൻ ഡയറക്ടറുടെ കാര്യാലയത്തിൽ അറിയിച്ചിട്ടുണ്ടായിരുന്നുവെന്നും എന്നാൽ ടിയാന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്ത യാതൊരു സാഹചര്യവും സ്പാർക്കിൽ ഇല്ലെന്നു കണ്ടിരുന്നുവെന്നും മാത്രമല്ല മറ്റാരും തന്നെ ഇത്തരത്തിൽ പരാതി അറിയിച്ചിട്ടുമില്ലെന്നും എന്നാൽ ഡയറക്ടറേറ്റ് തലത്തിൽ ഇക്കാര്യം പരിഹരിച്ചില്ലെന്ന പരാതി ഉള്ളതിനാലാണ് ടിയാൻ സർക്കാരിലേക്ക് പരാതി സമർപ്പിച്ചിരിക്കുന്നതെന്നും, ടിയാൻ ആലപ്പഴ ജില്ലയിൽ 2017 മുതൽ തുടർന്ന് വരുന്നതിനാലാണ് സ്ഥലംമാറ്റ ത്തിനുള്ള അപേക്ഷ നല്കാതിരുന്നിട്ടും AAO ഒഴിവുകൾ വന്ന

ഇടുക്കി ജില്ലയിലേക്ക് ടിയാൻ സ്ഥലംമാറ്റപ്പെട്ടതെന്നും ടിയാൻ നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ട തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട ജില്ലകളിൽ അനുബന്ധ/അനുകമ്പാർഹ ലിസ്റ്റുകളിൽ ഉൾപ്പെട്ട AAO മാർക്ക് മുൻഗണന നൽകേണ്ട സാഹചര്യം ഉണ്ടായിരുന്നുവെന്നും ടിയാൻ ഇപ്പോൾ ഡയറക്ടറുടെ കാര്യാലയത്തിൽ നൽകിയ സ്ഥലംമാറ്റം അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത് ആലപ്പുഴ ജില്ലയിലെ ഒഴിവുകൾ വരുന്ന മാന്നാർ, ദേവികുളങ്ങര, താമരക്കുളം എന്നീ കൃഷിഭവനുകളിലേക്ക് ടിയാനെ പരിഗണിച്ചു സ്ഥലംമാറ്റം നൽകുവാനാണെന്നും എന്നാൽ ടിയാൻ inter/intra ക്യൂ ലിസ്റ്റുകളിൽ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ലെന്നും അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ ഹരികുമാർ ജി ആലപ്പുഴ ജില്ലയിൽ 2017 മുതൽ തുടരുകയാണ്. ആയതിനാലാണ് ടിയാൻ സ്ഥലംമാറ്റം നല്കാതിരുന്നിട്ടും AAO ഒഴിവുകൾ വന്ന ഇടുക്കി ജില്ലയിലേക്ക് ടിയാൻ സ്ഥലംമാറ്റപ്പെട്ടത്. ടിയാൻ നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ട തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട ജില്ലകളിൽ അനുബന്ധ/അനുകമ്പാർഹ ലിസ്റ്റുകളിൽ ഉൾപ്പെട്ട AAO മാർക്ക് മുൻഗണന നൽകേണ്ട സാഹചര്യം ഉണ്ടായിരുന്നു. കൂടാതെ ടിയാൻ inter/intra ക്യൂ ലിസ്റ്റുകളിൽ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാൻ ഇപ്പോൾ ഡയറക്ടറുടെ കാര്യാലയത്തിൽ നൽകിയ സ്ഥലംമാറ്റം അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന ആലപ്പുഴ ജില്ലയിലെ ഒഴിവുകൾ വരുന്ന മാന്നാർ, ദേവികുളങ്ങര, താമരക്കുളം എന്നീ കൃഷിഭവനുകളിലേക്ക് ടിയാനെ സ്ഥലംമാറ്റത്തിന് പരിഗണിക്കാനാവില്ല . മേൽ സാഹചര്യത്തിൽ 2023 വർഷത്തെ കൃഷി അസിസ്റ്റന്റ്/ അസിസ്റ്റന്റ് കൃഷി ഓഫീസർ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ടു ആലപ്പുഴ ജില്ലയിലെ മുതുകുളം കൃഷിഭവനിലെ അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ ഹരികുമാർ ജി യെ ഇടുക്കി ജില്ലയിലേക്ക് സ്ഥലംമാറ്റിയത് ക്രമപ്രകാരമാണ്.ആയതിനാൽ ശ്രീ ഹരികുമാർ ജി യെ പരാമർശം (1) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ,കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള , തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ശ്രീ ഹരികുമാർ ജി., അസിസ്റ്റന്റ് കൃഷി ഓഫീസർ ( കൃഷി ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( കൃഷി-ഇഎ2/127/2024-കൃഷി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ - യ്ക്ക്
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ-യ്ക്ക്.